(ബി) ഉണ്ടെങ്കിൽ ആ കമ്മീഷൻ ഗവൺമെൻറിലേക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ?

ആഭ്യന്തര വകുപ്പു മന്ത്രി (ശ്രീ. കെ. എം. മാണി):

(എ) ഈ സംസ്ഥാനത്ത് പ്രത്യേകമായി ഒരു കമ്മീഷനെ നിയമിച്ചിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

പൊതുമേഖലാ സ്ഥാപനങ്ങളിലെ നഷ്ടം

*440 [484] ശ്രീ. പി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങളിലെ നഷ്ടം നികത്താൻ (പി. യു. സി) പബ്ലിക്ക് അണ്ടർടേക്കിംഗ് കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുമോ;

(ബി) പി. യു. സി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഏതെങ്കിലും പൊതു മേഖലാ സ്ഥാപനത്തിൽ പരിഷ്കാരങ്ങൾ വരുത്തിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഏതെല്ലാം സ്ഥാപനങ്ങളിൽ?

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ):

(എ) പൊതുമേഖലാ സ്ഥാപനങ്ങളിലെ നഷ്ടം നികത്തുന്നത് സംബന്ധിച്ച് പബ്ലിക്ക് അണ്ടർടേക്കിംഗ് കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ച് പല നിർദ്ദേശങ്ങളും നടപ്പിലാക്കിയിട്ടുണ്ട്. മറ്റു പല നിർദ്ദേശങ്ങളും ഗവൺമെൻറിന്റെ പരിഗണനയിൽ ഇരിക്കുകയാണ്.

(ബി) പി. യു. സി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പല പൊതു മേഖലാ സ്ഥാപനങ്ങളിലും പരിഷ്കാരങ്ങൾ വരുത്തിയിട്ടുണ്ട്.

(സി) കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, ഫ്രാൻറേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്, കേരള സോപ്സ് ആൻറ് ഓയിൽ ലിമിറ്റഡ്, ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ) ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളിൽ പരിഷ്കാരങ്ങൾ വരുത്തിയിട്ടുണ്ട്.

നാടാർ മഹാജനസംഘത്തിന്റെ നിവേദനം

*441 [465] ശ്രീ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള നാടാർ മഹാ ജനസംഘത്തിന്റെ വക്കയായി ഗവൺമെൻറിന് ഒരു നിവേദനം സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആ നിവേദനത്തിൽ എന്തൊക്കെ ആവശ്യങ്ങളാണ് ഉന്നയിച്ചിട്ടുള്ളത്?

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത ആവശ്യങ്ങൾ അംഗീകരിക്കുന്നതിന് ഗവ. ൺമെൻറ് സ്വീകരിച്ചിട്ടുള്ള നടപടികളെന്തെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ):

(എ) നെട്ടൂർ കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകൾ പഠിച്ച് ആവശ്യമായ ഭേദഗതികൾ നിർദ്ദേശിക്കുന്നതിന് ഭരണ കക്ഷികളുടെ സമ്പർക്ക സമിതി രൂപീകരിച്ച ഉപസമിതി മുമ്പാകെ 1.11.1978-ൽ കേരള നാടാർ മഹാജനസംഘം സമർപ്പിച്ച നിവേദനത്തിന്റെ ഒരു പകർപ്പ് ഗവൺമെൻറിന് ലഭിച്ചിരുന്നു.

(ബി) നിവേദനത്തിലെ ആവശ്യങ്ങൾ താഴെ കൊടുക്കുന്നു:-

(1) നാടാർ സമുദായത്തെ മത പരിഗണന കൂടാതെ ഏക യൂണിറായി പരിഗണിച്ച് ഉദ്യോഗ നിയമനത്തിനും കോളേജ് പ്രവേശനത്തിനും ജനസംഖ്യാനുപാതികമായി സംവരണമനുവദിക്കുന്നതിന് സർക്കാരിനോട് ശുപാർശ ചെയ്യുക.

(2) നെട്ടൂർ കമ്മീഷൻ റിപ്പോർട്ട് തള്ളിക്കളയുന്നതിനും പുതിയൊരു കമ്മീഷനെ നിയമിക്കുന്നതിനും ശുപാർശ ചെയ്യുക;

(3) ജാതി തിരിച്ചുള്ള ജനസംഖ്യ തിട്ടപ്പെടുത്തുന്നതിന് സത്വര നടപടികൾ കൈക്കൊള്ളാൻ സർക്കാരിനെ ഉപദേശിക്കുക;

(4) റൊട്ടേഷൻ വ്യവസ്ഥയിൽ എല്ലാ സമുദായങ്ങൾക്കും ഉദ്യോഗ നിയമനങ്ങളിൽ പ്രാതിനിധ്യം ലഭിക്കത്തക്ക സംവിധാനം ഉണ്ടാക്കുക;

(5) സർക്കാർ സാമ്പത്തിക സഹായം നൽകുന്ന സ്ഥാപനങ്ങൾക്കും സ്വയംഭരണ സ്ഥാപനങ്ങൾക്കും സംവരണ തത്ത്വം ബാധകമാക്കുന്നതിനുള്ള നിയമനിർമ്മാണം നടത്തുന്നതിന് സർക്കാരിനെ പ്രേരിപ്പിക്കുക;

(6) സംവരണാനുകൂല്യത്തിനുള്ള സാമ്പത്തിക പരിധി പ്രതിവർഷം പന്തീരായിരം രൂപയായി ഉയർത്തണം;

(7) മതപരിവർത്തനം നടത്തുന്നത് സംവരണാനുകൂല്യത്തെ പ്രതികൂലമായി ബാധിക്കാതിരിക്കാൻ ആവശ്യമായ നടപടികളെടുക്കാൻ സർക്കാരിൽ സമ്മർദ്ദം ചെലുത്തുക;

(8) എല്ലാ സമുദായങ്ങൾക്കും ഒരിക്കലെങ്കിലും പ്രാതിനിധ്യം ലഭിക്കുന്നതു വരെ ഒരേ സമുദായത്തിൽ നിന്നും വീണ്ടും അംഗങ്ങളെ നിയമിക്കാതിരിക്കാൻ ആവശ്യമായ ഉത്തരവുണ്ടാക്കാൻ സർക്കാരിനെ പ്രേരിപ്പിക്കുക.

(സി) സമ്പർക്ക സമിതിയുടെ ഉപസമിതിക്ക് സമർപ്പിച്ച പ്രസ്തുത നിവേദനത്തിൽ ഗവൺമെൻറ് തലത്തിൽ നടപടികളൊന്നും ഇതുവരെ എടുത്തു കഴിഞ്ഞിട്ടില്ല. അവ പരിഗണനയിൽ ഇരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly